ഉത്തരം

ജില്ലാ ആഫീസുകൾ പ്രവർത്തിക്കുന്നത് കഴിവതും ജില്ലാ ആസ്ഥാനങ്ങളിലാണ്. കാസർഗോഡ് ആഫീസിനു വേണ്ടി കാസർഗോഡ് എം.ജി. റോഡിൽ സൗകര്യപ്രദമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്.

പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് വകയിരുത്തിയ തുക

3 (166) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി വകയിരുത്തിയ 20 കോടി രൂപ സംസ്ഥാന സർക്കാരിന്റെ അശ്രദ്ധമൂലം പാഴാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ 20 കോടി രൂപ എങ്ങനെ ചെലവാക്കണമെന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) അതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ,ബി&സി) ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർക്ക് 100% കേന്ദ്ര സഹായത്തോടെ പോസ്റ്റ് മെട്രിക് തലത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ നല്കുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന് ഇതിനായി കേന്ദ്രം പ്രത്യേക തുക വകകൊള്ളിച്ചിട്ടില്ല. കേന്ദ്ര വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുവാനായി 20 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. അത് അംഗീകരിച്ചു കിട്ടിയെങ്കിൽ മാത്രമേ ബഡ്ജറ്റ് വിഹിതം ചെലവാക്കാൻ കഴിയുകയുള്ളൂ.

വൊക്കേഷണൽ കോഴ്സുകളിൽ പഠിക്കുന്ന എല്ലാ പിന്നോക്ക വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം

4 (167) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവകലാശാലകൾ നടത്തുന്ന ഡിഗ്രി വൊക്കേഷണൽ കോഴ്സുകളിൽ പഠിക്കുന്ന എല്ലാ പിന്നോക്ക വിദ്യാർത്ഥികൾക്കും കെ.പി.സി.ആർ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ബി) ഈ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കു കൂടി ഹരിജന ക്ഷേമ വകുപ്പ് നല്കുന്ന ഫീസ് ആനുകൂല്യം ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly